(Pages : 2)

**16U104**

**Name ..............................**

**Reg.No............................**

**FIRST SEMESTER UG DEGREE EXAMINATION, NOVEMBER 2016**

(Regular/ Supplementary/ Improvement)

(CUCBCSS - UG)

**CC15UMAL 1A 07 (1) - MALAYALA SAHITHYAPADANAM - 1**

(Common course for B.Com./B.B.A)

(2015 Admission onwards)

Time : Three Hours Maximum : 80 Marks

**I. എല്ലാ ചോദ്യങ്ങൾക്കും ഒറ്റ വാക്കിൽ ഉത്തരമെഴുതുക.**

1. 'ഫാസിസത്തിന്റെ മനഃശാസ്ത്രം' എന്ന ലേഖനം ഏത് ഗ്രന്ഥത്തിലാണുൾപ്പെടുന്നത്?
2. 'സുഡാൻ ഗാന്ധി' എന്നറിയപ്പെടുന്നതാര്?
3. 'തർജ്ജമ' ഏതുഭാഷാപദമാണ്?
4. മാളവിക രചിച്ച കഥയുടെ പേരെന്ത്?
5. ഭീമസേനൻ നായകനായി വരുന്ന എം.ടി. വാസുദേവൻ നായരുടെ നോവലേത്?
6. 'കയ്റോ കത്തുകളി'ൽ പരാമൃഷ്ടമാകുന്ന മരുഭൂമിയേത്?
7. 'തിയറി ആന്റ് പ്രാക്ടീസ് ഓഫ് ഹെൽ' എന്ന കൃതിയുടെ കർത്താവാര്?
8. ''ഞാനൊരു അന്ധവിശ്വാസിയല്ല. എന്നാൽ നിമിത്തങ്ങളിൽ ഞാൻ വിശ്വസിക്കുന്നു.'' ആരുടെ വാക്കുകൾ?
9. പക്ഷിശാസ്ത്ര പഠനശാഖയ്ക്ക് പറയുന്ന പേരെന്ത്?
10. നീലനെല്ലിന്റെ ഉത്ഭവത്തിലെ പേരെന്ത്?

(10x1/2 =5)

**II. എല്ലാ ചോദ്യങ്ങൾക്കും ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11. 'കാണുന്നതല്ല കാഴ്ചകൾ' എന്ന കൃതി ആർക്കാണ് സമർപ്പിച്ചിരിക്കുന്നത്?
12. ലിപ്യന്തരണം എന്നാലെന്ത്?
13. ''സുഡാന്റെ സ്വരം ഇന്ന് പുറംനാടുകളിൽ ചെന്നെത്തുന്നില്ല''അതിന എസ്.കെ. പറയുന്ന കാരണങ്ങൾ ഏവ?
14. നാസി ഭരണകാലത്ത് ബുക്കൻവാൾഡ് ക്യാമ്പിൽ അരങ്ങേറിയിരുന്ന ക്രൂരതകൾ എന്തെല്ലാം?
15. കിന്നരിമൈനയെ മാടത്തയിൽ നിന്ന് വ്യത്യസ്തയാക്കുന്ന പ്രത്യേകതകൾ എന്തെല്ലാം?

(5x2=10)

**III.** നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരം എഴുതുക:

16. ആമെൻ ഹോട്ടെപ്പിന്റെ പ്രതിമയ്ക്ക് ശബ്ദിക്കുന്ന മെമ്നോണ് എന്ന് പേര് നല്കിയതാര്? കാരണമെന്ത്?
17. ആധുനികതയെക്കുറിച്ചുള്ള എം.ടി.യുടെ അഭിപ്രായമെന്ത്?
18. "സ്കൂളെന്താ കമ്പനിയാ ലാഭമുണ്ടാക്കാൻ" ആരുടെ വാക്കുകൾ? സന്ദർഭവും ആശയവും വ്യക്തമാക്കുക.
19. പക്ഷിനിരീക്ഷണത്തിന്റെ പേരിൽ നടക്കുന്ന ക്രൂരതകളെക്കുറിച്ച് എൻ.എ. നസീർ നല്കുന്ന സൂചനകൾ എന്തെല്ലാം?
20. ഒരു മാതൃകാവിവർത്തനത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം?
21. ഫാസിസത്തിന്റെയും നാസിസത്തിന്റെയും പുതിയ കാലത്തെ ഉയർത്തെഴുന്നേല്പിനെക്കുറിച്ച് ലേഖകൻ നല്കുന്ന സൂചനകൾ എന്തെല്ലാം?
22. "വിസ്മയാവഹമായ ഈജിപ്ഷ്യൻ ചരിത്രനാടകത്തിലെ ഒരപൂർവ്വ സൃഷ്ടിയാണ് അഖൈനത്തോൺ" എന്ന് എസ്.കെ. പറയുവാനുള്ള കാരണമെന്ത്? വിശദമാക്കുക.

(5x5=25)

**IV.** മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക:

23. വർത്തമാനകാല ജീവിതദുരന്തങ്ങളുടെ നേർചിത്രമാണ് 'കാണുന്നതല്ല കാഴ്ചകൾ' നല്കുന്നത്. വിശദമാക്കുക.
24. തർജ്ജമയിൽ വരാവുന്ന അപാകതകളെക്കുറിച്ചുള്ള വിഷ്ണുനാരായണൻ നമ്പൂതിരിയുടെ നിരീക്ഷണങ്ങൾ എന്തെല്ലാം? വിശദമാക്കുക.
25. ഫാസിസത്തിന്റെ ഭീകരമുഖത്തെയും അതിന്റെ പ്രവർത്തനരീതികളെയും ഇനിയും അവസാനിക്കാത്ത അതിന്റെ സ്വാധീന മേഖലകളെയും വിലയിരുത്തുകയാണ് 'ഫാസിസത്തിന്റെ മനഃശാസ്ത്രത്തിൽ' എം.പി. വീരേന്ദ്രകുമാർ. വിശദമാക്കുക.
26. ഈജിപ്തിന്റെ ചരിത്രത്തെയും പ്രാചീന സംസ്കാരത്തെയും അടുത്തറിയുന്നതിനുള്ള ശ്രമമാണ് എസ്.കെ. പൊറ്റെക്കാട്ടിന്റെ 'കയ്റോകത്തുകൾ'. വിലയിരുത്തുക.
27. എം.ടി.യുടെ കൃതികളിലെ അന്തർധാരയായി വർത്തിക്കുന്ന സൂക്ഷ്മരാഷ്ട്രീയത്തെക്കുറിച്ചുള്ള സച്ചിദാനന്ദന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.
28. 'കാട്ടിലെ കിളിക്കൂട്ടം' എന്ന ലേഖനത്തിലൂടെ എൻ.എ.നസീർ മുന്നോട്ട് വയ്ക്കുന്ന പരിസ്ഥിതി ദർശനമെന്ത്? വിശദമാക്കുക.

(4x10=40)

*******